**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2482** **21-01-2021 - ൽ മറുപടിയ്ക്ക്**

**2015-ലെ ദേശീയഗെയിംസ് ജേതാക്കൾക്ക് സർക്കാർ ജോലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കായികവകുപ്പ് കഴിഞ്ഞ 2015-ൽ കേരളത്തിൽ നടത്തിയ ദേശീയഗെയിംസിൽ മെഡൽ നേടിയ എത്ര കായികതാരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ട്; ഇവരിൽ ഇനി എത്ര പേർക്ക് ജോലി നൽകാനുണ്ട്; ഇതുസംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) | 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. 35ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ടീം ഇനത്തിൽ വെള്ളി, വെങ്കലം മെഡലുകൾ നേടിയ എൺപത്തി മൂന്ന് കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകാൻ ഉത്തരവ് പുറപ്പെടുവിച്ച് പതിനഞ്ച് മാസം കഴിഞ്ഞിട്ടും നിയമനം നൽകിയിട്ടില്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമനം നൽകുന്നതിനുള്ള കാലതാമസം പരിഹരിച്ച് ഇവർക്ക് ഉടൻ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | 35ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കായികതാരങ്ങളെ ഉൾക്കൊള്ളിക്കുന്നതിന് എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം, കായികതാരങ്ങളെ ഉൾക്കൊള്ളിക്കുന്നതിലേയ്ക്കായി എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിന് വിവിധ വകുപ്പുകളുടെ ആവശ്യകതയും പ്രസ്തുത വകുപ്പുകളിൽ കായിക താരങ്ങളെ നിയമിക്കുന്നതിനുള്ള 'സ്പെസിഫിക് പ്ലെയ്സ് ഓഫ് പോസിറ്റിംഗ്' ലഭ്യമാക്കുന്നതിനുള്ള നടപടികളും പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. |
| (സി) | ദേശീയഗെയിംസിൽ മെഡൽ ജേതാക്കളായ ജോലി ലഭിച്ചവർക്ക് നിലവിലുള്ള എന്ത് | (സി) | വ്യക്തിഗതയിനങ്ങളിലും ടീമിനങ്ങളിലും മികച്ച പ്രകടനം കാഴ്ചവച്ച കായികതാരങ്ങൾക്ക് പ്രോത്സാഹനമെന്നോണം 2015-ലെ മന്ത്രിസഭാ |

| | | | |
|---|---|---|---|
| | മാനദണ്ഡമനുസരിച്ചാണ് പരിഗണന നൽകിയിട്ടുള്ളത്; വിശദാംശം നൽകാമോ? | | യോഗതീരുമാനപ്രകാരമാണ് നിയമനം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ